ടെലിഫോൺ നമ്പർ : 2512524
പോസ്റ്റ് ബോക്സ് നമ്പർ : 5430
ഫാക്സ് : 0471-2305891
പിൻ കോഡ്-695 033

ഇ-മെയിൽ : secretary@niyamasabha.nic.in

# കേരള നിയമസഭാ സെക്രട്ടേറിയറ്റ്

നം.12479/എം.എ.ഇ 2/2019/നി.സെ.

തിരുവനന്തപുരം,
29.11.2022.

## ക്വട്ടേഷൻ നോട്ടീസ്

നിയമസഭാ ഹോസ്റ്റലിനുള്ളിൽ മെയിൻഗേറ്റിന് സമീപത്തായി സ്ഥിതി ചെയ്യുന്ന ബഹു.നിയമസഭാ സാമജികർക്കും ഹോസ്റ്റലിൽ വന്നുപോകുന്ന മറ്റുള്ളവർക്കുമായി Internet, FAX, DTP എന്നീ സേവനം നൽകുന്ന ഡി.റ്റി.പി.സെന്റർ ഒരു വർഷത്തേക്ക് കരാറടിസ്ഥാനത്തിൽ പ്രവർത്തിപ്പിക്കുവാൻ താത്പര്യമുള്ള വ്യക്തികളിൽ/സ്ഥാപനങ്ങളിൽ നിന്നും മുദ്രവച്ച കവറുകളിൽ ക്വട്ടേഷനുകൾ ക്ഷണിക്കുന്നു. കരാറിൽ ഏർപ്പെടുന്നവർ സെക്യൂരിറ്റി ഡെപ്പോസിറ്റായി 20,000/- (ഇരുപതിനായിരം രൂപ മാത്രം) മുൻകൂറായി അടയ്ക്കേണ്ടതാണ്.

സെക്യൂരിറ്റി തുകയായ 20,000/- (ഇരുപതിനായിരം രൂപ മാത്രം) രൂപയും ഒരു മാസത്തെ വാടകത്തുകയും മുൻകൂറായി കെട്ടിവയ്ക്കുന്നതിനുള്ള സന്നദ്ധത രേഖപ്പെടുത്തിയ ക്വട്ടേഷനുകൾ 13.12.2022-ന് വൈകുന്നേരം 4.00 മണിക്ക് മുമ്പായി എസ്റ്റേറ്റ് ഓഫീസർ, നിയമസഭാ ഹോസ്റ്റൽ, പാളയം, തിരുവനന്തപുരം-33 എന്ന വിലാസത്തിൽ ലഭ്യമാക്കേണ്ടതാണ്. ക്വട്ടേഷനുകൾ സമർപ്പിക്കുന്ന കവറിന് പുറത്ത് "നിയമസഭാ ഹോസ്റ്റലിലെ ഡി.റ്റി.പി സെന്ററിന്റെ നടത്തിപ്പിനായുള്ള ക്വട്ടേഷൻ" എന്ന് രേഖപ്പെടുത്തേണ്ടതാണ്.

14.12.2022-ന് രാവിലെ 11.00 മണിക്ക് ക്വട്ടേഷനുകൾ തുറന്നു പരിശോധിക്കുന്നതും തുടർനടപടി സ്വീകരിക്കുന്നതുമാണ്. ക്വട്ടേഷനുകൾ തുറന്നു പരിശോധിക്കുന്ന ദിവസം അവധിയാണെങ്കിൽ തൊട്ടടുത്ത പ്രവൃത്തി ദിവസം ആയത് പരിശോധിക്കുന്നതാണ്. ഏറ്റവും കൂടിയ വാടക തുക രേഖപ്പെടുത്തിയിരിക്കുന്ന വ്യക്തിക്ക്/സ്ഥാപനത്തിന് ക്വട്ടേഷൻ സ്ഥിരപ്പെടുത്തുന്നതാണ്. ഒന്നിലധികം വ്യക്തികൾ/സ്ഥാപനങ്ങൾ ഒരേ തുക ക്വാട്ട് ചെയ്താൽ അവരെ മാത്രം ഉൾപ്പെടുത്തികൊണ്ടുള്ള നറുക്കിലൂടെ കരാർ സ്ഥിരപ്പെടുത്തുന്നതാണ്. കരാർ ലഭിക്കുന്ന വ്യക്തി/സ്ഥാപനം സ്വന്തം ചെലവിലും ഉത്തരവാദിത്വത്തിലും മേൽ പരാമർശിച്ച സേവനങ്ങൾ നൽകുന്നതിനാവശ്യമായ ഉപകരണങ്ങൾ സ്ഥാപിക്കേണ്ടതും കരാർ ഒപ്പിട്ട് 30 ദിവസത്തിനകമോ നിർദ്ദേശിക്കപ്പെടുന്ന ദിവസമോ ബൂത്തിന്റെ പ്രവർത്തനം ആരംഭിക്കേണ്ടതുമാണ്. ക്വട്ടേഷനുകൾ യാതൊരു കാരണവും കാണിക്കാതെ നിരസിക്കുന്നതിനോ, മാറ്റിവെയ്ക്കുന്നതിനോ, ഉപേക്ഷിക്കുന്നതിനോ ഉള്ള അധികാരം നിയമസഭാ സെക്രട്ടറിയിൽ നിക്ഷിപ്തമായിക്കുന്നതാണ്.

എസ്.രാമദാസൻ പോറ്റി
എസ്റ്റേറ്റ് ഓഫീസർ
നിയമസഭാ ഹോസ്റ്റൽ

Sn/30.11.22